**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 85** **30.06.2015-ലെ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ബി. അബ്ദുൾ റസാക്**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.എ.പി.അനിൽ കുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളും വിദേശരാജ്യങ്ങളിലെ വിനോദസഞ്ചാരകേന്ദ്രങ്ങളും കൂട്ടി യിണക്കിയുള്ള വിനോദസഞ്ചാര വികസന പദ്ധതി പരിഗണന യിലുണ്ടോ; | (എ) സ്പൈസ് റൂട്ടിന്റെ ഭാഗമായി 31 വിദേശ രാജ്യങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള സ്പൈസ് റൂട്ട് പദ്ധതി പരിഗണിച്ചു വരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ രാജ്യങ്ങളുമായി ചേർന്നാണ് ധാരണയുണ്ടാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സ്പൈസ് റൂട്ട് പദ്ധതിയിൽ ഒരു ആഗോള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ആയത് അന്താരാഷ്ട്ര തലത്തിൽ ഉയർത്തിക്കാട്ടുന്ന തിനുമായി കേരളാ ടൂറിസവും യുനെസ്കോയുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ രാജ്യങ്ങളുമായി ധാരണയുണ്ടാക്കിയിട്ടില്ല. |
| (സി) ഇതുമൂലം സംസ്ഥാന ടൂറിസം മേഖലയ്ക്കുണ്ടാകാനിടയുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ആഗോള ടൂറിസം കേന്ദ്രമായി കേരളത്തെ ഉയർത്താനുള്ള ഒരു ശ്രമമാണ് ഈ പ്രോജക്റ്റ്. സുഗന്ധവ്യഞ്ജനങ്ങളുടെ ഉറവിടം എന്ന നിലയിൽ ഈ പ്രോജക്റ്റിലൂടെ കേരളം ആഗോള ശ്രദ്ധ നേടുന്നതാണ്. കേരളത്തിലെ ചരിത്ര |

സ്മാരകങ്ങളെല്ലാം തന്നെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഇടം പിടിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസ് റൂട്ട് പദ്ധതി ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുവാനും സ്പൈസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും സഹായകരമാകും. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിനുള്ള നൂതന വിപണന മേഖല തുറന്ന് തരുന്നു.

സെക്ഷൻ ഓഫീസർ